യദിദം യോഗാനുശാസനം ന വാ ഏതദവരുന്ധതേ യന്ന്യസ്ത
ദണ്ഡാ മുനയ ഉപശമശീലാ ഉപരതാത്മന: സമവഗച്ഛന്തി (5–14–39)

ശുകമുനി തുടർന്നു: ചിലപ്പോൾ ലൗകീകരായ മനുഷ്യർ ശാസ്ത്രാധിഷ്ഠിതമായ അനുഷ്ഠാന കർമ്മങ്ങളിലേർപ്പെടുന്നു. എങ്കിലും അതവർക്ക് വലിയൊരു പർവ്വതം ചുമക്കുന്നതുപോലെ കഠിനമായി അനുഭവപ്പെടുന്നു. ചിലപ്പോൾ ദുഷ്പേരും അപമാനവും സഹിച്ച് അവന് ഉറക്കം പോലും നഷ്ടപ്പെടുന്നു. അന്ത:മില്ലാതെ നീണ്ടുന്ന ദുരിതങ്ങൾക്കിടയ്ക്ക് ഒരൽപ്പം സുഖഭോഗത്തിനായി അവൻ അന്യന്റെ സ്വത്തിലും പരസ്ത്രീകളിലും കൈവെക്കുന്നു. സുഖലാഭത്തിന് പകരം നിയമപാലകരുടേയോ സ്ത്രീകളുടെ ഭർത്താക്കന്മാരുടെയോ പ്രഹരമേൽക്കാനാണ് അവന് യോഗം. ഇങ്ങിനെയൊന്നും ഉണ്ടായില്ലെങ്കിൽ പോലും അവന്റെ സ്വത്തുക്കൾ ഒന്നും ശാശ്വതമായി നിലനിൽക്കുന്നില്ല. ഈ ലോകത്ത് സമ്പത്ത് ഒരിക്കലും ഒരാൾവശം ഇരിക്കുകയില്ല. അത് കൈമറിഞ്ഞ് പൊയ്ക്കൊണ്ടേയിരിക്കും. നിയമപരമായ വ്യാപാരങ്ങളി ലേപ്പെട്ടിരിക്കുന്നവർ പോലും എതിരാളികളുടെ കുത്സിത പ്രവൃത്തികളാൽ ദുരിതമനുഭവിക്കാൻ ഇടവരുന്നു.

ഇങ്ങിനെ എണ്ണിയാലൊടുങ്ങാത്ത കഷ്ടപ്പാടുകൾ നിറഞ്ഞതാണ് ഇഹലോകജീവിതമെങ്കിലും ആത്മ നിയന്ത്രണമില്ലാത്ത മനുഷ്യൻ സ്ത്രീയെന്ന മായയാൽ ആകർഷിക്കപ്പെട്ട് അവളുടെ പ്രലോഭന ങ്ങൾക്കടിമയാവുന്നു. അവൻ, അവൾക്കുവേണ്ടി അടിമവേല ചെയ്യുന്നു. തന്റെ മക്കൾക്കും അവരുടെ ഭാര്യമാർക്കുമെല്ലാം വേണ്ടി അവൻ മോഹിതനായി ജോലി ചെയ്തുകൊണ്ടേയിരിക്കുന്നു. ഭഗവാന്റെ സൃഷ്ടികൾക്കാവശ്യമായ ഊർജ്ജമത്രേ സ്ത്രീ എന്നറിയപ്പെടുന്ന മായ.

വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ കഴിഞ്ഞ് കാലം കടന്നുപോകുന്നത് അവനറിയുന്നില്ല. അവൻ നാസ്തിക സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായി ജീവിക്കുന്നു. പിന്നീട് അവയുടെ മുഖംമൂടി പൊളിച്ചുമാറ്റി സത്യം വെളിപ്പെടുമ്പോൾ അവൻ ശരിയായ വിശ്വാസസംഹിതയിലേക്ക് തിരിയുന്നു. എങ്കിലും സത്സംഗത്തിനോ ദിവ്യപുരുഷന്മാരുമായുള്ള സഹവാസത്തിനോ അവന് സമയമില്ല. അവനപ്പോഴും സമ്പത്തും വിഷയാസക്തി യുമാണ് പ്രിയം.

വിധിവൈപരീത്യങ്ങൾ അവനെ ബാധിക്കുന്നു. ചിലപ്പോൾ അവൻ ധനവാൻ. ചിലപ്പോൾ തലചായ്ക്കാൻ ഇടം പോലുമില്ലാത്ത ഒരു ദരിദ്രവാസി. ദാരിദ്ര്യം ഒഴിവാക്കാൻ അവൻ ചിലപ്പോൾ വിവാഹം കഴിക്കുന്നു. കുറച്ച് കഴിഞ്ഞ് വിവാഹമോചനം നേടുന്നു. ലൗകീകജീവിതത്തിൽ ആരെങ്കിലും മരണപ്പെട്ടാൽ, കുറച്ചുപേർ ദു:ഖിക്കുകയും കരയുകയും ചെയ്യും. പിന്നീട് മൃതദേഹം മറവു ചെയ്യുന്നു. എന്നിട്ട് തങ്ങളുടെ പഴയ ജീവിതചര്യകൾ തുടരുന്നു. നന്മനിറഞ്ഞ ഒരുവൻ മാത്രമെ സത്യത്തിന്റെ പാതയിൽ പോവുന്നുള്ളൂ. അവൻ യോഗമാർഗ്ഗം സ്വീകരിക്കുന്നു. ലൗകീക ജീവിതാസക്തി ഉപേക്ഷിച്ച് മനസ്സ് ശാന്തമാക്കിയ മാമുനിമാർക്ക് മാത്രം പ്രാപ്യമായ ആ അത്യുന്നതപദത്തിനായി അവൻ പരിശ്രമിക്കുന്നു. രാജാക്കന്മാർ പോലും ദിഗ്വിജയം മോഹിച്ച് പടവെട്ടുമ്പോൾ മരിച്ചു വീഴുവാനാണ് അഭിലഷിക്കുന്നത്. കർമ്മമെന്ന പുൽത്തുരുമ്പിൽ പിടിച്ചുതൂങ്ങി അവൻ ജനനമരണചക്രത്തിൽ ചുറ്റിത്തിരിഞ്ഞു കൊണ്ടേയിരിക്കുന്നു.

ഭരതൻ നയിച്ച ജീവിതം എത്ര ഉദാത്തമായിരുന്നു! ഒരു മാനിന്റെ ശരീരത്തിൽ ജിവിച്ചപ്പോഴും അദ്ദേഹം ഹരിഭക്തനായിരുന്നു. ഭരതന്റെ കഥ കേൾക്കുകയോ അത് മറ്റുള്ളവർക്കായി പറഞ്ഞു കൊടുക്കുകയോ ചെയ്യുന്ന ഏതൊരുവനും ആയുരാരോഗ്യസമ്പത്സമൃദ്ധിയും അവസാനം മോക്ഷപദവും ലഭിക്കുന്നതാണ്.